(iv) 70–കൾക്കു ശേഷം

1970 മുതൽ മധ്യപൗരസ്ത്യ നാടുകളിൽ യൂനിവേഴ്സിറ്റികളും ഗവേഷണ സ്ഥാപനങ്ങളും വർധിച്ചു. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന് മുൻഗണന ലഭിച്ചതോടൊപ്പം അക്കാദമിക രീതിയിലുള്ള ചരിത്ര പഠനത്തിന്റെ വ്യാപനത്തിനും അത് സഹായകമായി. ചരിത്ര പ്രാധാന്യമുള്ള പുരാതന വസ്തുക്കളുടെയും രേഖകളുടെയും–വിശേഷിച്ചും ഉഥ്മാനീ കാലഘട്ടവുമായി ബന്ധമുള്ളവ – ശേഖരണത്തിനും സൂക്ഷിപ്പിനും കേന്ദ്രങ്ങൾ ആരംഭിച്ചു എന്നത് എടുത്തുപറയേണ്ട നേട്ടമാണ്. ഇറാനിൽ ഷാ ഭരണകാലത്തെന്നപോലെ ഇസ്ലാമിക് റിപ്പബ്ലിക്കിനു കീഴിലും ഇത്തരം പ്രവണതകൾ പൊതുവേ കുറവാണ്. 60–കൾക്കുശേഷം യൂറോപ്പിലെയും അമേരിക്കയിലെയും കലാലയങ്ങളിൽ മധ്യപൗരസ്ത്യ ദേശക്കാരായ ചരിത്രകാരന്മാരുടെ എണ്ണം വർധിച്ചു. ഇവരിൽ മിക്കവരും പാശ്ചാത്യ സർവകലാശാലകളിൽനിന്നാണ് ബിരുദം നേടിയിരുന്നതെങ്കിലും മധ്യപൗരസ്ത്യ ദേശ സംസ്കാരങ്ങളെക്കുറിച്ചും ചരിത്രാനുഭവങ്ങളെക്കുറിച്ചും സ്വന്തമായ കാഴ്ചപ്പാടുള്ളവരായിരുന്നു.

മധ്യപൗരസ്ത്യ നാടുകളിലെ ചരിത്രകാരന്മാർ വ്യത്യസ്ത രാഷ്ട്രീയ കാലാവസ്ഥകളിൽ ചരിത്ര രചന നടത്താൻ നിർബന്ധിതരാണ്. അസ്ഥിരമെങ്കിലും ഗണ്യമായ തോതിലുള്ള അഭിപ്രായ സ്വാതന്ത്ര്യത്തിന് ഈജിപ്തിൽ സാഹചര്യമൊരുങ്ങിയിട്ടുണ്ട്. ഇതിൽനിന്നു ഭിന്നമായി സിറിയയും ഇറാഖും അസ്ഥിരതയിൽനിന്ന് കടുത്ത ഏകാധിപത്യത്തിലേക്കാണ് മാറിയത്. തുർകിയിലാകട്ടെ അരാജകത്വത്തോളമെത്തിയ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും കർക്കശമായ സൈനിക സെൻഷർഷിപ്പിന്റെയുമൊക്കെ കൂടിക്കുഴച്ചിലാണുണ്ടായത്. 80–കളുടെ പാതിയോടെ ഇതിലല്പം അയവ് വന്നിട്ടുണ്ട്. എങ്കിലും അതാതുർകിനെ വിമർശിക്കുന്നത് ഇന്നും അവിടെ നിയമ വിരുദ്ധമാണ്. 1914 മുതൽ 1938 വരെയുള്ള നിർണായക കാലഘട്ടത്തെക്കുറിച്ച സ്വതന്ത്രമായ ചരിത്രരചനയെ ഇത് അസാധ്യമാക്കിത്തീർക്കുന്നു.

ഇറാനിലെ ഇസ്ലാമിക വിപ്ലവം പുതിയ ഗവേഷണങ്ങൾക്കുള്ള സാധ്യത തുറന്നുവെങ്കിലും മറ്റു ചിലത് അടച്ചുകളഞ്ഞു. മതേതര ആഭിമുഖ്യമുള്ള ചരിത്രകാരന്മാർക്ക് ശീർഷകങ്ങളും പദങ്ങളും തികഞ്ഞ ജാഗ്രതയോടെ മാത്രമേ ഉപയോഗിക്കാനാവൂ.

ഇത്തരം ഭരണകൂട, സാംസ്കാരിക സമ്മർദങ്ങൾക്കിടയിലും രാഷ്ട്രീയവും മതപരവുമായി തികച്ചും നിഷ്പക്ഷമായ ചരിത്ര രചനകളും എമ്പാടും നിലനിന്നു പോരുന്നു. പുറമേനിന്ന് അടിച്ചേല്പിക്കപ്പെടുന്ന അജണ്ടകൾക്കുപരി സ്വന്തം കാഴ്ചപ്പാടിൽ രചനകൾ നിർവഹിക്കാൻ ചരിത്രകാരന്മാർക്ക് ആപേക്ഷികമായ സ്വാതന്ത്ര്യമുണ്ടായിരുന്നതുകൊണ്ടാണ് ഇതു സാധ്യമായത്. കുരിശു യുദ്ധങ്ങളും സ്വലാഹുദ്ദീന്റെ വ്യക്തിപ്രഭാവവും ഭാഗികമായി ഒഴിച്ചുനിർത്തിയാൽ മധ്യകാല (900–1500) ഇസ്ലാമിക ചരിത്രം ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം. അബ്ബാസീ, ഉഥ്മാനീ കാലഘട്ടങ്ങൾ ഇപ്പോൾ അറബ് ദേശീയ വാദങ്ങളിൽ കാര്യമായ വിഷയമല്ല. 18, 19 നൂറ്റാണ്ടുകളുടെ സാമൂഹിക–സാമ്പത്തിക ചരിത്രം കഴിഞ്ഞ രണ്ടു ദശകങ്ങളിലെ ഒന്നാംകിട രചനകൾക്ക് വിഷയമായിട്ടുണ്ട്. അബ്ബാസികളും സൽജൂഖികളും മംലൂകുകളും ഇന്നും ആഴമേറിയ പഠനങ്ങൾക്ക് വിഷയമാണ്.

മധ്യപൗരസ്ത്യ ദേശത്തെയും ഇതര മുസ്ലിം ഭൂപ്രദേശങ്ങളിലെയും പ്രധാന രാജ്യങ്ങളിലെല്ലാം പ്രാദേശിക ഭാഷകളിൽ രചന നിർവഹിക്കുന്ന വലിയൊരു വിഭാഗം പ്രൊഫഷനൽ അക്കാദമിക് ചരിത്രകാരന്മാരുണ്ട്. മേഖലയുടെ ചരിത്രം മുഖ്യമായും തദ്ദേശീയരായ പണ്ഡിതന്മാരുടെ കൈകളിലാണെന്നർഥം. സാധാരണ ഗതിയിൽ ഇത് സ്വാഭാവികമാണെങ്കിലും 18, 19 നൂറ്റാണ്ടുകളിൽ ഈ അവസ്ഥയല്ല നിലനിന്നിരുന്നത്.